## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3662. 17.10.2011-ൽ മറുപടിയ്ക്ക്

### ചേർത്തല അർത്തുങ്കൽ പി.എച്ച്. സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ചേർത്തല, അർത്തുങ്കൽ പി.എച്ച്. സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ; | (എ) 20 രോഗികളെ കിടത്തുന്നതിനുള്ള രണ്ട് ഐ.പി. കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഒരു കെട്ടിടത്തിൽ വൈദ്യുതിയുടെ വയറിംഗ് നടന്നിട്ടില്ല. നിലവിൽ ഈ പി.എച്ച്.സി.യിൽ ഒരു ഡോക്ടറിന്റേയും ഒരു സ്റ്റാഫ് നേഴ്സിന്റേയും തസ്തികയാണുള്ളത്. ആവശ്യമായ സ്റ്റാഫുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യതയനുസരിച്ച് മാത്രമേ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (ബി) മുഹമ്മ, വെട്ടയ്ക്കൽ ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവമുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) മുഹമ്മ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒരു സിവിൽ സർജന്റേയും 4 അസിസ്റ്റന്റ് സർജന്റേയും തസ്തികകളാണ് നിലവിലുള്ളത്. അതിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവുള്ളതിൽ ഒരു ഡോക്ടർ അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി നോക്കി വരുന്നു. വെട്ടക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു സിവിൽ സർജന്റേയും 2 അസിസ്റ്റന്റ് സർജന്റേയും തസ്തികകളാണ് നിലവിലുള്ളത്. അതിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവിലേക്ക് 2 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (സി) പകർച്ചപ്പനിയും മറ്റ് പകർച്ച വ്യാധികളും പടരുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഒഴിവുള്ള തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പി.എസ്.സിയുടെ നിയമന നിർദ്ദേശം വരുന്ന മുറയ്ക്ക് മാത്രമേ സ്ഥിര നിയമനം നടത്തുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ